"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

**വളരെ അത്യാവശ്യം**

നമ്പർ: എച്ച്3/23156/16

ചാക്ക, തിരുവനന്തപുരം
തീയതി: 15/11/2016

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് 2013 ആഗസ്റ്റ് മാസത്തിൽ സെമസ്റ്റർ സമ്പ്രദായത്തിൽ എൻ.സി.വി.റ്റി. ട്രേഡിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 2014 ഫെബ്രുവരി, 2014 ജൂലൈ, 2015 ഫെബ്രുവരി, 2015 ജൂലൈ എന്നീ ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികൾക്കുള്ള ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് Download ചെയ്ത് പരിശോധിച്ച് ട്രെയിനികൾക്ക് വിതരണം നടത്തുന്നത് -സംബന്ധിച്ച്-

2013 ആഗസ്റ്റ് മാസം സെമസ്റ്റർ മാതൃകയിൽ അഡ്മിഷൻ നേടിയ ട്രെയിനികളിൽ 2014 ഫെബ്രുവരി, 2014 ജൂലൈ, 2015 ഫെബ്രുവരി, 2015 ജൂലൈ എന്നീ ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികൾക്കുള്ള ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട 84 നോഡൽ ഐ.ടി.ഐ. കളിൽ ഇ മെയിലായി നൽകിയിട്ടുണ്ട്. ഓരോ നോഡൽ ഐ.ടി.ഐ. യുടെയും അവരുടെ അധീനതയിൽ വരുന്ന എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. കളുടെയും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളാണ് ഇ മെയിലായി നൽകിയിട്ടുള്ളത്. ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ താഴെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം ടി ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ പ്രിൻറ് എടുത്ത് പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം നടത്തേണ്ടതാണ്. **ഡി.ജി.റ്റി. യിൽ നിന്ന് ലഭിച്ച ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ഡയറക്ടറേറ്റ് തലത്തിൽ പരിശോധന നടത്താതെയാണ് ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് വിതരണം നടത്തുന്നത്. ആയതിനാൽ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ഇ മെയിലായി ലഭിക്കുന്ന സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഹാജരാക്കുന്ന കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുമായി വളരെ സുക്ഷ്മായി പരിശോധന നടത്തേണ്ടതും മാർക്ക് ഷീറ്റിലെ രേഖപ്പെടുത്തലുകളും സർട്ടിഫിക്കേറ്റിലെ രേഖപ്പെടുത്തലുകളും ഒരു പോലെ ആണ് എന്ന് ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ സർട്ടിഫിക്കേറ്റ് ലഭിച്ച ട്രെയിനി എല്ലാ സെമസ്റ്റർ പരീക്ഷകളും വിജയിച്ചതാണോ എന്ന് ഉറപ്പാക്കേണ്ടതുമാണ്.**

**ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റുന്നതിന് ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾ മുൻപാകെ ഹാജരാകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ**

1. ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ പ്രിൻറ് എടുത്ത് പരിശോധിക്കുന്നതിന് ആവശ്യമായ ഫോട്ടോസ്റ്റാറ്റ് പേപ്പർ
2. ഓരോ ട്രേഡ് ടെസ്റ്റിലും വിജയിച്ച ട്രെയിനികളുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റുകൾ
3. ഒരോ ട്രേഡ് ടെസ്റ്റിലും വിജയിച്ച ട്രെയിനികളുടെ പേർ, പിതാവിൻെറ പേർ, ജനന തീയതി, ട്രേഡ്, വിജയിച്ച ട്രേഡ് ടെസ്റ്റ് വർഷം/മാസം, റോൾ നമ്പർ തുടങ്ങിയവ രേഖപ്പെടുത്തിയ പട്ടികയുടെ രണ്ട് പകർപ്പുകൾ
4. ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റുന്നതിന് രേഖാമൂലം ചുമതലപ്പെടുത്തിയ കത്ത്, ഓഫീസ് മുദ്ര എന്നിവ ടി സമയം കൊണ്ടുവരേണ്ടതാണ്.

**ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മുൻപായി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട നടപടികൾ**

1. ടി സർട്ടിഫിക്കേറ്റുകൾ വിതരണം നടത്തുന്നതിന് നോഡൽ ഐ.ടി.ഐ. യിലെ കുറഞ്ഞത് രണ്ട് ഉദ്യോഗസ്ഥരെയെങ്കിലും രേഖാമൂലം ചുമതല നൽകേണ്ടതാണ്.
2. സർട്ടിഫിക്കേറ്റുകൾ കൈപ്പറ്റുന്നതിന് ഹാജരാകുന്ന ഉദ്യോഗസ്ഥർ നൽകുന്ന ഫോട്ടോ സ്റ്റാറ്റ് പേപ്പർ ഉപയോഗിച്ച് ഇ മെയിലായി നൽകിയ സർട്ടിഫിക്കേറ്റുകൾ പ്രിൻറ് എടുക്കേണ്ടതാണ്.
3. പ്രിൻറ് എടുക്കുന്ന സർട്ടിഫിക്കേറ്റും കൈപ്പറ്റുന്നതിന് ഹാജരാകുന്ന ഉദ്യോഗസ്ഥർ നൽകുന്ന കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റും വളരെ സൂക്ഷ്മതയോടെ പരിശോധിച്ച് ട്രെയിനിയുടെ പേർ, ട്രേഡ്, പിതാവിൻെറ പേർ, ജനനതീയതി, ട്രെയിനി വിജയിച്ച ട്രേഡ് ടെസ്റ്റ് (വർഷം/മാസം), ട്രെയിനി വിജയിച്ചതാണോ എന്ന വിവരം എന്നിവ ശരിയാണെന്ന് ഉറപ്പാക്കേണ്ടതാണ്.
4. മുകളിൽ സൂചിപ്പിച്ച പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ ശേഷം കൈപ്പറ്റുന്നതിന് ഹാജരാകുന്ന ഉദ്യോഗസ്ഥർ കൊണ്ടു വരുന്ന ട്രെയിനികളുടെ വിവരങ്ങൾ അടങ്ങിയ പട്ടികയുടെ രണ്ട് പകർപ്പിലും

ഓരോ ട്രെയിനിയ്ക്കും ലഭിച്ച സർട്ടിഫിക്കേറ്റിൻെറ നമ്പർ രേഖപ്പെടുത്തേണ്ടതും ഇതിൻെറ ഒരു പകർപ്പിൽ കൈപ്പറ്റുന്നതിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻെറ ഒപ്പും, പേരും ഔദ്യോഗിക മേൽ വിലാസവും ഓഫീസ് മുദ്രയും പതിപ്പിക്കേണ്ടതും ടി യാനെ കൈപ്പറ്റുന്നതിന് ചുമതലപ്പെടുത്തി കൊണ്ടുള്ള കത്തിൻെറ പകർപ്പും കൈപ്പറ്റിയ ശേഷം ടി സർട്ടിഫിക്കേറ്റുകൾ വിതരണം നടത്തേണ്ടതും കൈപ്പറ്റിയ രേഖകൾ നോഡൽ ഐ.ടി.ഐ. യിൽ ഭദ്രമായി സൂക്ഷിക്കേണ്ടതുമാണ്.

**ട്രേഡ് ടെസ്റ്റ് വിജയിച്ച ഏതെങ്കിലും ട്രെയിനികൾക്ക് സർട്ടിഫിക്കേറ്റ് ലഭിക്കാതിരിക്കുകയാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ട നടപടികൾ**

1. മുകളിൽ സൂചിപ്പിച്ചിട്ടുള്ള ട്രേഡ് ടെസ്റ്റുകളിൽ പങ്കെടുത്ത് വിജയിച്ച ട്രെയിനികൾക്ക് സർട്ടിഫിക്കേറ്റുകൾ ലഭിച്ചിട്ടില്ലായെങ്കിൽ **ടി വിവരം അനുബന്ധം 1 പ്രകാരമുള്ള എക്സൽ ഷീറ്റിൽ തയ്യാറാക്കി സി.ഡി. യിൽ രേഖപ്പെടുത്തേണ്ടതാണ്.**

2. മുകളിൽ പറഞ്ഞ മാതൃകയിൽ തയ്യാറാക്കിയ സി.ഡി യും ടി സി.ഡി. യിൽ ഉൾപ്പെട്ട ട്രെയിനിയുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റിൻെറ പകർപ്പും സ്ഥാപന മേധാവിയുടെ ആമുഖ കത്തിൻെറ രണ്ട് പകർപ്പും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്.

3. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സി.ഡി യും അനുബന്ധ രേഖകളും പരിശോധിച്ച് ഉറപ്പാക്കിയ ശേഷം പ്രിൻസിപ്പാൾ നൽകിയ ആമുഖ കത്തിൻെറ രണ്ട് പകർപ്പുകളിൽ കൈപ്പറ്റുന്ന ഒരെണ്ണത്തിൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് ആമുഖ കത്തോട് കൂടി പ്രത്യേക ദൂതൻ മുഖാന്തിരം പരീക്ഷ വിഭാഗത്തിലെ സർട്ടിഫിക്കേറ്റ് സെക്ഷനിൽ എത്തിക്കേണ്ടതാണ്.

**ലഭിച്ച സർട്ടിഫിക്കേറ്റുകളിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ട നടപടികൾ**

1. ലഭിച്ച സർട്ടിഫിക്കേറ്റുകളിൽ ട്രെയിനിയുടെ പേരിലോ പിതാവിൻെറ പേരിലോ ജനന തീയതിയിലോ അപാകത കണ്ടെത്തുകയാണെങ്കിൽ ടി വിവരം

അനുബന്ധം 2 പ്രകാരമുള്ള എക്സൽ ഷീറ്റിൽ തയ്യാറാക്കി സി.ഡി. യിൽ രേഖപ്പെടുത്തേണ്ടതാണ്.

2. മുകളിൽ പറഞ്ഞ മാതൃകയിൽ തയ്യാറാക്കിയ സി.ഡി യും ടി സി.ഡി. യിൽ ഉൾപ്പെട്ട ട്രെയിനികൾക്ക് ലഭിച്ച ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിൻെറ പകർപ്പുകളും ഏത് രേഖപ്പെടുത്തലിലാണ് തിരുത്തൽ വരുത്തേണ്ടത് എന്ന് തെളിയിക്കുന്ന സർട്ടിഫിക്കേറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (ട്രെയിനിയുടെ പേര്, പിതാവിൻെറ പേര്, ജനന തീയതി എന്നിവയിൽ തിരുത്തൽ വരുത്തുന്നതിന് എസ്.എസ്.എൽ.സി. യുടെ ബന്ധപ്പെട്ട പേജിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. ട്രെയിനിയുടെ പേരോ പിതാവിൻെറ പേരോ ജനന തീയതിയോ രണ്ടാമതാണ് തിരുത്തൽ വരുത്തിയതെങ്കിൽ ഡി.പി.ഐ. യിൽ നിന്ന് ലഭിച്ച നടപടി ക്രമത്തിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്.) സ്ഥാപന മേധാവിയുടെ ആമുഖ കത്തിൻെറ രണ്ട് പകർപ്പും നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്.

3. കൂടാതെ സർട്ടിഫിക്കേറ്റുകളിൽ തിരുത്തൽ വരുത്തുന്നതിന് ഓരോ ട്രെയിനിയ്ക്കും 100/- രൂപ വീതം 0230-ലേബർ ആൻറ് എംപ്ലോയ്മെൻറ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്- എന്ന ശിർഷകത്തിൽ ഒടുക്കിയ അസ്സൽ ചെലാൻ കൂടി അപേക്ഷയോടൊപ്പം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് കൈമാറേണ്ടതാണ്.

3. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൽമാർ മുകളിൽ സൂചിപ്പിച്ചിട്ടുള്ള സി.ഡി യും അനുബന്ധ രേഖകളും അസ്സൽ ചെലാനും പരിശോധിച്ച് ഉറപ്പാക്കിയ ശേഷം പ്രിൻസിപ്പാൾ നൽകിയ ആമുഖ കത്തിൻെറ രണ്ട് പകർപ്പുകളിൽ ഒരെണ്ണത്തിൽ കൈപ്പറ്റ് രസീത് നൽകേണ്ടതാണ്. ഇപ്രകാരം നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തങ്ങളുടെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ ക്രോഡീകരിച്ച് ആമുഖ കത്തോട് കൂടി പ്രത്യേക ദൂതൻ മുഖാന്തിരം പരീക്ഷ വിഭാഗത്തിലെ സർട്ടിഫിക്കേറ്റ് സെക്ഷനിൽ എത്തിക്കേണ്ടതാണ്.

## കൈപ്പറ്റിയ സർട്ടിഫിക്കേറ്റുകൾ ട്രെയിനികൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ

1. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിൽ നിന്ന് ലഭിച്ച സർട്ടിഫിക്കേറ്റുകളിലെ രേഖപ്പെടുത്തലും കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റിലെ രേഖപ്പെടുത്തലുകളും ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പാക്കേണ്ടതും ബന്ധപ്പെട്ട ട്രെയിനി സെമസ്റ്റർ

പരീക്ഷകളിൽ പൂർണ്ണമായി വിജയിച്ചതാണെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. ഡി.ജി.റ്റി. യിൽ നിന്ന് ലഭിച്ച സർട്ടിഫിക്കേറ്റുകൾ ഒരു പരിശോധനയും കൂടാതെയാണ് നോഡൽ ഐ.ടി.ഐ. കൾ മുഖേന ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് വിതരണം നടത്തുന്നത്. ആയതിനാൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരിശോധനകൾ വളരെ സൂക്ഷ്മതയോടെയും ശ്രദ്ധയോടുകൂടിയും ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നിർവഹിക്കേണ്ടതാണ്.

2. ഇപ്രകാരം ഉറപ്പാക്കിയ ശേഷം സർട്ടിഫിക്കേറ്റുകൾ ട്രെയിനികൾക്ക് വിതരണം നടത്തേണ്ടതാണ്. വിതരണം ചെയ്യുന്നതിനായി ഒരു രജിസ്റ്റർ താഴെ പറയും പ്രകാരം തയ്യാറാക്കേണ്ടതാണ്. വിതരണം നടത്തുന്നതിന് മുൻപ് ട്രെയിനികളിൽ നിന്ന് രജിസ്റ്ററിൽ ഒപ്പിട്ട് വാങ്ങേണ്ടതാണ്.

| ക്രമ നമ്പർ | ട്രെയിനിയുടെ പേര് | ട്രേഡ് | സെമസ്റ്റർ | പരീക്ഷ പൂർണ്ണമായും വിജയിച്ച റോൾ നമ്പർ/ട്രേഡ് ടെസ്റ്റ് നടന്ന മാസം/വർഷം | കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ് നമ്പർ | ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റ് നമ്പർ | കൈപ്പറ്റുന്ന ട്രെയിനിയുടെ ഒപ്പ് (തിയതി ഉൾപ്പടെ) |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |

2. ഇ മെയിലായി ലഭിക്കുന്ന സർട്ടിഫിക്കേറ്റുകൾ Download ചെയ്ത് സ്ഥാപനത്തിലെ Computer System ത്തിൽ Save ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. ട്രെയിനികൾക്ക് വിതരണം നടത്തുന്ന ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റിന്റെ ഒരു കോപ്പി പ്രിൻറ് എടുത്ത് സെമസ്റ്റർ/ട്രേഡ് ടെസ്റ്റ് നടത്തിയ വർഷം/മാസം/ട്രേഡ് എന്ന ക്രമത്തിൽ അടുക്കി ഫയൽ ചെയ്ത് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ട്രെയിനികൾക്ക് വീണ്ടും ടി സർട്ടിഫിക്കേറ്റുകൾ നൽകേണ്ടിവരുന്ന സാഹചര്യത്തിൽ ഇതിൽ നിന്നും കോപ്പിയെടുത്ത് വിതരണം നടത്താവുന്നതാണ്.

4. ട്രെയിനിയുടെ വിവരങ്ങൾ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റോ/ഇ-നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റോ വിതരണം ചെയ്തതിന് ശേഷം വരുത്തിയ തിരുത്തൽ മാത്രമേ പരീക്ഷാ വിഭാഗത്തിൽ പരിഹരിക്കുകയുള്ളു. ഇതിന് മുൻപുള്ള തിരുത്തലുകൾ യഥാസമയം ഡയറക്ടറേറ്റിലെ എഫ് സെക്ഷനുമായി ബന്ധപ്പെട്ട്

പരിഹരിക്കേണ്ടതാണ്. ടി വിഷയം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എം.ഐ.എസ്. പോർട്ടൽ മുഖേനയാണ് 2014 ആഗസ്റ്റ് മാസം മുതൽ അഡ്മിഷൻ നടപടികൾ നടത്തിവരുന്നത്. ഇപ്രകാരം വിജയിക്കുന്ന ട്രെയിനികളുടെ കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റും ഇ നാഷണൽ ട്രേഡ് സർട്ടിഫിക്കേറ്റുകളും യഥാസമയം ഡി.ജി.റ്റി. തന്നെ എം.ഐ.എസ്. പോർട്ടൽ മുഖേന വിതരണം നടത്തുന്നതായിരിക്കും. കൺസോലിഡേറ്റഡ് മാർക്ക് ഷീറ്റ്, സർട്ടിഫിക്കേറ്റുകൾ എന്നിവ മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് ട്രെയിനികൾക്ക് വിതരണം നടത്താൻ എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്ക് വേണ്ടി**

എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും സർക്കാർ /എസ്.സി.ഡി.ഡി./ എസ്.റ്റി.ഡി.ഡി./സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

എല്ലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും (ടി നടപടികൾ യഥാസമയം നിർവഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്)

അനുബന്ധം 1

# Pending Certificate Format

| Sl.No | MIS ITI Code | ITI Name | Trade Code | Trainee Name | Trainee Type | Father Name | Date of Birth | Training From | Training To | Exam Month | Exam Year |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

അനുബന്ധം 2

# Correction Certificate Format

| Sl.No | Old ENTC No | MIS ITI Code | ITI Name | Trade Code | Trainee Name | Trainee Type | Father Name | Date of Birth | Training From | Training To | Exam Month | Exam Year | Remarks (Field in which Correction Made) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |